പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1381

15-06-2012 – ൽ മറുപടിയ്ക്ക്

## കോൾ നിലങ്ങളുടെ വികസന പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻനായർ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.കെ. അച്ചുതൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ കോൾ നിലങ്ങളുടെ വികസന പാക്കേജിന് കേന്ദ്ര ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ കോൾനിലങ്ങളുടെ വികസനത്തിനായി 799.77 കോടി രൂപയുടെ ഒരു പദ്ധതി 21-9-2011 ൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചു. പിന്നീട് 23-2-2012 -ൽ 425.2 കോടി രൂപയുടെ പുതുക്കിയ പദ്ധതിയായി പുന: സമർപ്പിക്കുകയുണ്ടായി. ഇതിന് കേന്ദ്രസർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കോൾനില വികസന പാക്കേജ് സംബന്ധിച്ച് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 114.2 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള 11 പ്രോജക്ടുകൾ 3 വർഷം കൊണ്ട് നടപ്പിലാക്കുവാനും ആർ.ഐ.ഡി.എഫ് വഴി ഫണ്ടു ലഭിക്കേണ്ട 300 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കെ.എൽ.ഡി.സി തുടർനടപടി സ്വീകരിക്കണമെന്നുമാണ് നിലവിലുള്ള തീരുമാനം. |
| (ബി) പദ്ധതി നടപ്പിലാക്കാനുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) ആർ.കെ.വിവൈ -യിൽ ഉൾപ്പെടുത്തി 114.2 കോടി രൂപയുടെ 11 പ്രോജക്ടുകൾ 3 വർഷം കൊണ്ട് നടപ്പിലാക്കാൻ കഴിയുമെന്ന് കരുതുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) പദ്ധതി നടത്തിപ്പിനുള്ള വായ്പകൾ ഏതെല്ലാം ഏജൻസികളിൽ നിന്നുമാണ് ലഭിക്കുന്നത്? | (സി) നബാർഡിന്റെ വായ്പ, ആർ.കെ.വി.വൈ, എൻ.എച്ച്.എം, കേന്ദ്ര സർക്കാരിന്റെ സീഡ് മിഷൻ പ്രോഗ്രാം, ഐ.സി.എ.ആർ എന്നീ ഏജൻസികളിൽ നിന്നും പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭിക്കുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ

47